# ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം

വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം. പിൻ. 695035
ഫോൺ: 0471-2302490 ഫാക്സ്: 0471-2303025/2303080
ഇ-മെയിൽ: dhskerala@gmail.com
വെബ്സൈറ്റ്: www.dhs.kerala.gov.in


നമ്പർ..ഇഎസ് 2/40318/2012(1)/ആവഡ          തീയതി.30/03/2016

## നോട്ടീസ്

വിഷയം: ആവഡ- സീനിയർ ക്ലാർക്ക്മാരുടെ 17/06/2000 മുതൽ 31/08/2012 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ ശ്രീ. ജി.മനോഹരനെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്.

സൂചന:
1.A2/1698/16/DMO(H) Alappuzha Dt.10/02/2016
2.MR(3)1921/84/KPSC Malappuram. Dt.03/07/1989
3.A2/29934/88/DMO(H) MLPM Dt.26/07/1989
4.A1/29934/88/DMO(H) MLPM Dt.06/09/1993
5.O&M2/78765/1989/DHS Dt.17/04/1991
6.Order No.ED1/4/1999/DHS Dt.25/02/1999
7. Order No.ES2/151198/2005/DHS Dt.02/02/2007
8. This office order even no. Dt.15/12/2014

സീനിയർ ക്ലാർക്ക്മാരുടെ സീനിയോരിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് ആലപ്പുഴ ചിങ്ങോലി പ്രാഥമികാരോഗ്യകേന്ദ്രത്തിലെ സീനിയർ ക്ലാർക്ക് ശ്രീ. ജി.മനോഹരൻ സമർപ്പിച്ച അപേക്ഷ സൂചന 1 പ്രകാരം അയച്ചു തന്നിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ സർവീസ് വിവരങ്ങൾ വിശദമായി പരിശോധിച്ചു.

ശ്രീ. ജി.മനോഹരൻ സൂചന 2 പ്രകാരം മലപ്പുറം ജില്ലാ പി.എസ്.സിയുടെ നിയമന ശുപാർശയുടേയും സൂചന 3 പ്രകാരമുള്ള മലപ്പുറം ഡി.എം.ഒ യുടെ നിയമന ഉത്തരവിന്റേയും അടിസ്ഥാനത്തിൽ 07/08/1989 ന് ക്ലാർക്ക് തസ്തികയിൽ മലപ്പുറം ജില്ലയിൽ ജോലിയിൽ പ്രവേശിച്ചു. 11/1991 ൽ എം.ഒ.പി യിലും 12/1991 ൽ മറ്റ് വകുപ്പ്തല പരിക്ഷകളിൽ യോഗ്യത നേടുകയും സൂചന 4 പകാരം പരിശീലനകാലം പൂർത്തിയാക്കുകയും ചെയ്തു. അപ്രകാരം സൂചന 5 പ്രകാരമുള്ള ക്ലാർക്ക്മാരുടെ 06/1986 മുതൽ 08/1990 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ 807 -ാം നമ്പരായി ഉൾപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സൂചന 6 പ്രകാരം സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിക്കുകയും ചെയ്തു.

എന്നാൽ ശ്രീ. ജി.മനോഹരൻ ക്ലാർക്ക് തസ്തികയിൽ തുടരവെ ആലപ്പുഴ ജില്ലയിലേയ്ക്ക് അന്തർജില്ല സ്ഥലംമാറ്റം നേടുകയും 09/11/1994 ൽ ജോലിയിൽ

പ്രവേശിക്കുകയും ചെയ്തു. KS&SSR Rule 27 C അനുസരിച്ച് പുതിയതായി പ്രവേശിച്ച ജില്ലയിലെ തീയതിയായ 09/11/1994 മുതലാണ് സീനിയോരിറ്റി കണക്കാക്കുന്നത്. എന്നാൽ അവ കണക്കിലെടുക്കാതെയാണ് ടിയാളുടെ സീനിയോരിറ്റി കണക്കാക്കിയതും സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം അനുവദിക്കുകയും ചെയ്തത്. അന്തർജില്ല സ്ഥലം മാറ്റം വാങ്ങിയതിനാൽ ടിയാളെ സൂചന 5 പ്രകാരമുള്ള ക്ലാർക്ക്മാരുടെ സീനിയോരിറ്റി പട്ടികയിൽ നിന്നും ഒഴിവാക്കി സൂചന 7 പ്രകാരമുള്ള ക്ലാർക്ക്മാരുടെ 01/01/1994 മുതൽ 31/03/1997 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ 24 (എ) ആയി ഉൾപ്പെടുത്താനും സൂചന 8 പ്രകാരമുള്ള സീനിയർ ക്ലാർക്ക്മാരുടെ 17/06/2000 മുതൽ 31/08/2012 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ 222 (എ) ആയി ഉൾപ്പെടുത്താനും താൽകാലികമായി തീരുമാനിച്ചിരിക്കുന്നു. വിശദ വിവരം തഴെ കൊടുക്കുന്നു.

| Sl. No | Name & Present Station | Date of Birth | Existing rank No.in the S.L of Clerk (1986-1990) | New Rank No. In the SL of Clerk (1994-1997) | Existing rank No.in the S.L of Sr.Clerk | New Rank No. In the SL of Sr.Clerk (2000-2012) | Remarks |
|---|---|---|---|---|---|---|---|
| 1 | Sri.G. Manoharan PHC Chingoli, Alappuzha | 15/05/1962 | 807 | 24(A) | Nil | 222(A) | Rank No.807 in the S.L of Clerk (86-90) is decided for removed. |

പ്രസ്തുത തീരുമാനത്തിനെതിരെ ആർക്കെങ്കിലും ആക്ഷേപം സമർപ്പിക്കാനുണ്ടെങ്കിൽ അവ ടി നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം നേരിട്ടോ തപാൽ മാർഗ്ഗമോ ബന്ധപ്പെട്ട അധികാരികൾ മുഖേന ഈ ആഫീസിൽ ഹാജരാക്കേണ്ടതാണ്.

ഒപ്പ്
പി.വി.മനോജ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താക്കൾ.

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും.
2. ബന്ധപ്പെട്ട എല്ലാ സ്ഥാപന മേലധികാരികൾക്കും.
3. ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും
4. ഇ.ഡി. സെക്ഷൻ.
5. ഫയൽ/ കരുതൽ ഫയൽ